**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **08-10-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള ലിംഗപരമായ/ തൊഴിൽ പരമായ വിവേചനം ഉന്മൂലനം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ പോഷ് ആക്ട്-2013, ഈക്വൽ റെമ്യൂണറേഷൻ ആക്ട്-1976, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്-1961 എന്നിവ പാസാക്കിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികപരമായ ചൂഷണങ്ങളും വിവേചനങ്ങളും തടയുന്നതിനായി പാസാക്കിയ നിയമമാണ് പ്രിവെൻഷൻ ഓഫ് സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വിമൺ അറ്റ് വർക്ക് പ്ലെയ്സ് ആക്ട്-2013 (പോഷ് ആക്ട്). സ്ത്രീ, പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പാസാക്കിയ നിയമമാണ് ഈക്വൽ റെമ്യൂണറേഷൻ ആക്ട്. സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാലത്ത് വേതനത്തോടുകൂടിയ അവധി നൽകുന്നതിനും പ്രസവകാല തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പാസാക്കിയ നിയമമാണ് മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്. കൂടാതെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് അമെന്റ്മെന്റ് റൂൾസ് 2007 പ്രകാരം സ്ത്രീകൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി ചട്ടം 6(ബി) (Precaution against sexual harassment in the establishment) കൂട്ടിച്ചേർത്തിട്ടുണ്ട്. Kerala Shops & Commercial Establishment Act, 2018 പ്രകാരം സ്ത്രീ തൊഴിലാളികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിനായി നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്ത്രീ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | 1961-ലെ ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ്, 6D പ്രകാരം 50-ലധികം ജീവനക്കാരുള്ള എല്ലാ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ക്രഷ് സൗകര്യം (ശിശുപരിപാലന സൗകര്യം) ഒരുക്കുന്നതിനുള്ള നിർദ്ദേശം കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. സ്ത്രീ, പുരുഷ തൊഴിലാളി ഭേദമന്യേ എല്ലാ തൊഴിലാളികൾക്കും തുല്യ ജോലിക്ക് തുല്യ വേതനം നൽകുന്നുണ്ടോ എന്ന് സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഉറപ്പുവരുത്തുകയും ആയത് പാലിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. രാത്രി കാലങ്ങളിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>• രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് 5 പേരടങ്ങുന്ന ഗ്രൂപ്പുകളായി മാത്രമേ നിയോഗിക്കാവൂ. അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണം.<br>• സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.<br>• രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസ സ്ഥലം മുതൽ ജോലി സ്ഥലം വരെയും തിരിച്ചും വാഹന സൗകര്യം തൊഴിലുടമ നൽകേണ്ടതാണ്. |
| (സി) | ഗർഭിണികൾക്കും അമ്മമാർക്കും തൊഴിലിടങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 1961-ലെ ഷോപ്പ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസിൽ 05/05/2022 തീയതിയിലെ സ.ഉ(അച്ചടി) 36/2022/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വന്ന ഭേദഗതിയിൽ ചട്ടം 6D പ്രകാരം 50 ഓ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും തുടർച്ചയായി 12 മാസം തൊഴിലുടമ സൗജന്യമായി ക്രഷ് സൗകര്യം (ശിശുപരിപാലന സൗകര്യം) ഒരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ അല്ലെങ്കിൽ 500 മീറ്റർ പരിധിക്കുള്ളിൽ ക്രഷ് സൗകര്യം ഒരുക്കേണ്ടതും, കുട്ടികൾക്ക് സുരക്ഷിതവും ശുചിത്വപരവുമായ അന്തരീക്ഷം ഉറപ്പാക്കേണ്ടതും, പരിശീലനം ലഭിച്ച ജീവനക്കാരെ കുട്ടികളുടെ പരിപാലനത്തിനായി നിയമിക്കേണ്ടതും |

| | | | |
|---|---|---|---|
| | | | തൊഴിലുടമയുടെ ഉത്തരവാദിത്വമാണ്. സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് തൊഴിൽ വകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. |
| (ഡി) | എല്ലാ സ്ഥാപനങ്ങളിലും ലൈംഗികാതിക്രമ പ്രതിരോധ സംവിധാനങ്ങൾ നിർബന്ധമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | 1961-ലെ ഷോപ്സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6B പ്രകാരം, ടി നിയമം ബാധകമാകുന്ന എല്ലാ സ്ഥാപനങ്ങളിലും ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പ്രകാരം തൊഴിലിടങ്ങളിൽ ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിക്കുകയും പരാതികൾ അന്വേഷിക്കുകയും, നടപടി സ്വീകരിക്കുകയും സ്ത്രീ തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, ചെയ്യേണ്ടത് തൊഴിലുടമയുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിച്ചിട്ടുള്ളതായി ഉറപ്പുവരുത്തുന്നുണ്ട്. പത്തിൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ടി നിയമം നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ ICC കളുമായി ബന്ധപ്പെട്ട് പോഷ് പോർട്ടലിൽ വിവരങ്ങൾ ചേർക്കുന്നതിനായി വനിതാശിശുവികസന വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഇ) | തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ തൊഴിൽ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലെങ്കിലും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് തൊഴിൽ വകുപ്പിന് സാധ്യമായിട്ടുണ്ട്.<br><br>സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം '**സഹജ**' എന്ന പേരിൽ സജ്ജീകരിക്കുകയും ഇതിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരികയും ചെയ്യുന്നുണ്ട്. 1800-4255-5215 എന്നതാണ് ടോൾ ഫ്രീ നമ്പർ. പ്രസ്തുത കോൾ സെന്റർ മുഖാന്തിരം നാളിതുവരെ ലഭ്യമായ 233 പരാതികളിൽ 226 എണ്ണം തീർപ്പാക്കുകയും 7 എണ്ണം തീർപ്പാക്കൽ നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചുവരികയും ചെയ്യുന്നു. ഗർഭിണികളും അമ്മമാരുമായ തൊഴിലാളികൾക്ക് ശിശുപരിപാലനത്തിനായി ക്രഷ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 10-ൽ കൂടുതലായി സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും ആഭ്യന്തര പരാതി കമ്മിറ്റി (ICC) രൂപീകരിച്ചിട്ടുള്ളത് വഴി സ്ത്രീ തൊഴിലാളികൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം തടയുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മോണിറ്റർ ചെയ്യുന്നതിനുമായി 08/07/2015 തീയതിയിലെ GO (P) NO.84/2015/LBR, SRO NO. 458/2015 പ്രകാരം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രാത്രി കാലങ്ങളിൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>• രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ സ്ത്രീ തൊഴിലാളികളെ ജോലിക്ക് 5 പേരടങ്ങുന്ന ഗ്രൂപ്പുകളായി മാത്രമേ നിയോഗിക്കാവൂ. അത്തരത്തിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 2 പേർ സ്ത്രീ ജീവനക്കാരായിരിക്കണം.<br>• സ്ത്രീ ജീവനക്കാർക്ക് സുരക്ഷിതവും പ്രത്യേകവുമായി വിശ്രമമുറികൾ തൊഴിലുടമ ലഭ്യമാക്കേണ്ടതാണ്.<br>• രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് താമസ സ്ഥലം മുതൽ ജോലി സ്ഥലം വരെയും തിരിച്ചും വാഹന സൗകര്യം തൊഴിലുടമ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ